"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- കോട്ടയം ഡിവിഷനിലെ ഏരുമേലി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കേ അന്തരിച്ച സതീഷ്.വി.ആർ -ന്റെ മകൾ കുമാരി. ആര്യമോൾ. വി.എസ്സ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.24/2023/F&WLD തീയതി,തിരുവനന്തപുരം, 12-10-2023.

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. കുമാരി. ആര്യമോൾ. വി.എസ്സ്, വെറ്റിലക്കൊടിക്കൽ (H), മുള്ളരിങ്ങാട് പി ഒ, വെള്ളക്കയം, ഇടുക്കി സമർപ്പിച്ച 04.01.2017, 23.02.2023 തീയതികളിലെ അപേക്ഷയും അനുബന്ധരേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 10.03.2017 ലെ ഇ6-10798/17, 27.06.2023 ലെ ഇ6/398/2023 നമ്പർ കത്തുകളും അനുബന്ധരേഖകളും.
4. ഇടുക്കി ജില്ലാ കളക്ടറുടെ 22.05.2018 ലെ DCIDK/1260/18 നമ്പർ കത്തും അനുബന്ധ രേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ കോട്ടയം ഡിവിഷനിലെ എരുമേലി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കേ 29.03.2012 ൽ അന്തരിച്ച സതീഷ്.വി.ആർ ന്റെ മകൾ കുമാരി. ആര്യമോൾ.വി.എസ്സ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം റവന്യൂ, സെയിൽസ് ടാക്സ്, എഡ്യൂക്കേഷൻ, രജിസ്ട്രേഷൻ എന്നിവയിൽ ഏതെങ്കിലും വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച പരാമർശം (2) ലെ 04.01.2017 ലെ അപേക്ഷ പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്യുകയും, അപേക്ഷകയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും, തുടർനടപടികൾ സ്വീകരിക്കുന്നതിനായി പൊതുഭരണ(സിഇ സെൽ) വകുപ്പിന് നൽകുകയും ചെയ്തിരുന്നു.

2. എന്നാൽ നിലവിൽ നിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമെന്നതിനാൽ വനം വന്യജീവി വകുപ്പിൽ ഇടുക്കി ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ജോലി ലഭിക്കുന്നതിനായി പുതിയ അപേക്ഷ പരാമർശം (2) പ്രകാരം 23.02.2023 ൽ സമർപ്പിക്കുകയുണ്ടായി. മേൽ അപേക്ഷ പരാമർശം (3) ലെ 27.06.2023 ലെ കത്ത് പ്രകാരം പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്തിട്ടുണ്ട്.

3. തൊടുപുഴ തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട സതീഷ്.വി.ആർ-ന്റെ അനന്തരാവകാശികൾ മാതാവ് മണി രാമകൃഷ്ണൻ, ഭാര്യ ശ്രീമതി. ശാന്ത സതീഷ്, മകൾ കുമാരി. ആര്യമോൾ. വി.എസ് എന്നിവരാണ്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനത്തീയതി 31.12.1998 ആണ്. അപേക്ഷകയ്ക്ക് ഇപ്പോൾ 24 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാൾ എം.എ ഹിസ്റ്ററി പാസ്സായിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, കോട്ടയം ഡിവിഷനിലെ എരുമേലി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കേ 29.03.2012 ൽ അന്തരിച്ച സതീഷ്. വി.ആർ-ന്റെ മകൾ കുമാരി. ആര്യമോൾ.വി.എസ്സ് ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോറിറ്റി സംബന്ധിച്ച ചട്ടങ്ങൾക്കും വിധേയമായി, ഇടുക്കി ജില്ലയിൽ വനം വന്യജീവി വകുപ്പിൽ 26500-60700/- രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

6. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, ഇടുക്കി.
കുമാരി. ആര്യമോൾ. വി.എസ്സ്, വെറ്റിലക്കൊടിക്കൽ (H), മുള്ളരിങ്ങാട് പി ഒ, വെള്ളക്കയം, ഇടുക്കി- 685 60.
(രജിസ്റ്റേർഡ് തപാൽ/മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 12-10-2023 10:31:12
സെക്ഷൻ ഓഫീസർ